**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1380**

**21.03.2012 ലെ മറുപടിക്ക്**

**നിയമസഭാ സാമാജികർക്കുള്ള ഹൗസിംഗ് ലോൺ**
**കൃത്യമായി അടയ്ക്കുന്നവർക്കുള്ള സബ്സിഡി**

| **ചോദ്യം** | **മറുപടി** |
|---|---|
| **പ്രൊഫ. സി. രവീന്ദ്രനാഥ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| എ) നിയമസഭാ സാമാജികർക്കുള്ള ഹൗസിംഗ് ലോൺ പദ്ധതി പ്രകാരം എടുത്ത ലോൺ കൃത്യമായി അടയ്ക്കുന്നവർക്ക് 4% സബ്സിഡി ലഭിക്കുന്നത് ഇതുവരെ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇത് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;<br>സി) എന്താണ് തടസ്സം എന്ന് വിശദമാക്കാമോ; | ബി) & സി) നിയമസഭാ സാമാജികർക്കുള്ള ഭവന വായ്പാ പദ്ധതി പ്രകാരം നൽകുന്ന വായ്പയിന്മേൽ പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള നിബന്ധനകൾക്ക് 06.11.2010-ലെ സ.ഉ.(സാധാ) നം.684/10/സഹ. നമ്പർ പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പലിശ സബ്സിഡി സംബന്ധിച്ച ടി ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം പലിശ സബ്സിഡിയായി അർഹതപ്പെട്ട തുക സഹകരണ സംഘം രജിസ്ട്രാർ ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ സഹകരണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഇതിലേക്കായി പ്രത്യേകം ശീർഷകം അനുവദിച്ചിട്ടില്ല. ആയതിനാൽ ഇതിലേക്കായി 48,205/- രൂപയുടെ പലിശ സബ്സിഡിക്കുള്ള അപേക്ഷ നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചുവെങ്കിലും ടി തുക മാറി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയോ, സഹകരണ വകുപ്പിന്റെ വിഹിതത്തിൽ തുക ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാലാണ് സബ്സിഡി തുക നൽകാൻ സാധിക്കാത്തത്. |
| ഡി) സബ്സിഡി തുക എന്ന് നൽകാനാകുമെന്ന് വിശദമാക്കാമോ? | ഡി) തുക എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |